**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 784** **24-02-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ സർവീസിലെ എസ്.സി./എസ്.ടി. സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ സർവ്വീസിലെ വിവിധ വകുപ്പുകളിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള സംവരണം ഉറപ്പാക്കുന്നതിനും ആവശ്യമെങ്കിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിനുമായി ചുമതലപ്പെടുത്തിയിട്ടുള്ള പൊതുഭരണ എംപ്ലോയ്മെന്റ് എ, ബി സെക്ഷനുകൾ സംയോജിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് പൊതുഭരണ വകുപ്പിലെ എംപ്ലോയ്മെന്റ് സെൽ-എ, എംപ്ലോയ്മെന്റ് സെൽ-ബി എന്നിവ ഏകോപിപ്പിച്ച് ഒറ്റ സെക്ഷൻ ആക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | സംസ്ഥാന സർക്കാർ സർവീസിലെ ഏതൊക്കെ വകുപ്പുകളിലാണ് എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് ആനുപാതികമായ സംവരണം നിലവിൽ ലഭ്യമായിട്ടില്ലാത്തത്; പ്രസ്തുത കണക്ക് പട്ടികജാതി പട്ടികവർഗ ക്ഷേമ വകുപ്പിൽ ലഭ്യമാണോ; എങ്കിൽ ഏതൊക്കെ വകുപ്പുകൾ ആണെന്ന് വ്യക്തമാക്കുമോ; | (ബി) | 15 വകുപ്പുകളിലാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം ഇല്ലാതിരുന്നത്. ഈ വകുപ്പുകളിൽ മതിയായ സംവരണം ഉറപ്പുവരുത്താനായി സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി തസ്തികകൾ സംവരണം ചെയ്ത് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പുകൾ ചുവടെ ചേർക്കുന്നു. 1) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് 2) ക്ഷീര വികസന വകുപ്പ് 3) മത്സ്യബന്ധന വകുപ്പ് 4) ഭക്ഷ്യസുരക്ഷ വകുപ്പ് 5) ഭൂജല വകുപ്പ് 6) ഹോമിയോപ്പതി വകുപ്പ് 7) മോട്ടോർ വാഹന വകുപ്പ് 8) പോലീസ് വകുപ്പ് 9) ജയിൽ വകുപ്പ് 10) പട്ടികജാതി വികസന വകുപ്പ് 11) സാമൂഹ്യ നീതി വകുപ്പ് 12) കായികയുവജന കാര്യ വകുപ്പ് 13) ആഡിറ്റ് വകുപ്പ് 14) വിനോദ സഞ്ചാര വകുപ്പ് 15) നഗര ഗ്രാമാസൂത്രണ വകുപ്പ് |
| (സി) | നിലവിൽ സംസ്ഥാനത്തെ ഏതൊക്കെ വകുപ്പുകളിലാണ് എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് പ്രാതിനിധ്യം നൽകുന്നതിനായി സ്പെഷൽ റിക്രൂട്ട്മെന്റ് നടത്തുവാൻ നിർദേശം നൽകിയിട്ടുള്ളത്; ഏതൊക്കെ വകുപ്പുകൾ ഇതനുസരിച്ച് സ്പെഷൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ട്; വിശദമായ വിവരം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമാണോ; വ്യക്തമാക്കുമോ; | (സി) | 15 വകുപ്പുകളിലാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം ഇല്ലാതിരുന്നത്. ഈ വകുപ്പുകളിൽ മതിയായ സംവരണം ഉറപ്പുവരുത്താനായി സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി തസ്തികകൾ സംവരണം ചെയ്ത് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പുകൾ ചുവടെ ചേർക്കുന്നു. 1) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് 2) ക്ഷീര വികസന വകുപ്പ് 3) മത്സ്യബന്ധന വകുപ്പ് 4) ഭക്ഷ്യസുരക്ഷ |

| | | | |
|---|---|---|---|
| | | | വകുപ്പ് 5) ഭൂജല വകുപ്പ് 6) ഹോമിയോപ്പതി വകുപ്പ് 7) മോട്ടോർ വാഹന വകുപ്പ് 8) പോലീസ് വകുപ്പ് 9) ജയിൽ വകുപ്പ് 10) പട്ടികജാതി വികസന വകുപ്പ് 11) സാമൂഹ്യ നീതി വകുപ്പ് 12) കായികയുവജന കാര്യ വകുപ്പ് 13) ആഡിറ്റ് വകുപ്പ് 14) വിനോദ സഞ്ചാര വകുപ്പ് 15) നഗര ഗ്രാമാസൂത്രണ വകുപ്പ് |
| (ഡി) | മേൽപ്പറഞ്ഞ കാര്യങ്ങളിലുള്ള ചുമതലകൾ നിറവേറ്റിയിരുന്ന പൊതുഭരണ എ, ബി വിഭാഗങ്ങൾ സംയോജിപ്പിച്ചത് സർക്കാർ സർവ്വീസിൽ എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് അർഹതപ്പെട്ട സംവരണം ഉറപ്പാക്കുന്നതിനെ പ്രതികൂലമായി ബാധിക്കുമെന്ന് വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; ഈ കാര്യത്തിൽ എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | (ഡി) | നിലവിൽ ഈ സെക്ഷനിൽ ഏറ്റെടുത്ത് ചെയ്തുവരുന്ന ജോലികൾ യാതൊരു തടസ്സവും വരാതെ തുടരുന്നതിനുള്ള ക്രമീകരണവും വരുത്തിയിട്ടുണ്ട്. എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് അർഹതപ്പെട്ട സംവരണം ഉറപ്പാക്കുന്നതിനെ ഈ നടപടി ഒരു കാരണവശാലും പ്രതികൂലമായി ബാധിക്കില്ല. |

സെക്ഷൻ ഓഫീസർ